# മുൻകാല മുജാഹിദ് പണ്ഡിതന്മാരും നബിദിനാഘോഷവും

**ശാഫി സ്വലാഹി ചങ്ങലീരി**

നബിദിനാഘോഷത്തെ യാതൊരു തെളിവുകൾ കൊണ്ടും സമർത്ഥിക്കാൻ കഴിയാത്ത മുസ്‌ല്യാക്കന്മാർ, മുജാഹിദുകളുടെ മുമ്പിൽ അവസാനമായി പൊട്ടിക്കുന്ന നുണബോംബാണ് "മുൻകാല മുജാഹിദ് പണ്ഡിതന്മാരും ഇന്നത്തെപ്പോലെ നബിദിനമാഘോഷിച്ചിരുന്നു; അത് അവരുടെ പ്രസിദ്ധീകരണളിൽ പറഞ്ഞിട്ടുണ്ട്" എന്നത്.

എന്നാൽ എന്താണ് വസ്തുത? നമുക്ക് പരിശോധിക്കാം. അതിനു മുമ്പായി, ആ പറഞ്ഞ 'മുൻകാല പണ്ഡിതന്മാരു'ടെ കാര്യത്തിൽ ചില സംഗതികൾ നമുക്ക് മനസ്സിലാക്കാനുണ്ട്. അഥവാ, അവർക്കെല്ലാം ജാഹിലിയ്യത്തിന്റെ ഒരു പൂർവ്വകാലമുണ്ടായിരുന്നു. പച്ചയായി പറഞ്ഞാൽ, ആദ്യകാലത്ത് അവരും ഇന്നത്തെ സമസ്തക്കാരെ പോലെ ബിദ്അത്തുകളിലും ഖുറാഫാത്തുകളിലും വളർന്ന മുസ്‌ല്യാക്കന്മാർ തന്നെയായിരുന്നു. പിന്നീടാണ് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം കൊണ്ട് അവർക്ക് സത്യത്തിന്റെ വെളിച്ചം കിട്ടിയത്. അതുകൊണ്ടു തന്നെ അന്ന് പ്രസിദ്ധീകരിച്ചിരുന്ന അവരുടെ പ്രസിദ്ധീകരണങ്ങളായ 'അൽമുർശിദി'നും 'അൽഇർശാദി'നും ആ സ്വാധീനം അൽപമൊക്കെ ഉണ്ടാകാം. കേരള ജംഇയ്യത്തുൽ ഉലമയും സമസ്തയും കേരള നദ്‌വത്തുൽ മുജാഹിദീനുമെല്ലാം രൂപീകരിക്കുന്നതിന്റെ മുമ്പ് അന്നത്തെ മുസ്‌ലിം കൂട്ടായ്മയായിരുന്ന കേരളമുസ്‌ലിം ഐക്യസംഘമാണ് അൽഇർശാദ് പ്രസിദ്ധീകരിച്ചിരുന്നത്. അന്നത്തെ സമസ്ത നേതാക്കളിൽ പലരും അന്ന് ഐക്യസംഘത്തിന്റെ പ്രവർത്തകരുമായിരുന്നു. അതിനാൽ അതിൽ വന്ന കാര്യങ്ങൾ പൂർണമായും 'വഹാബി'കളുടെ തലയിൽ കെട്ടിവെച്ച് ഒഴിഞ്ഞുമാറുന്നത് ഒരിക്കലും നീതിയാവുകയില്ല.

പിന്നീട് ഐക്യസംഘത്തിനു ശേഷം 1921 ൽ 'കേരള ജംഇയ്യത്തുൽ ഉലമ' രൂപീകരിച്ചപ്പോഴും സമസ്ത നേതാക്കളെല്ലാം അതിലുമുണ്ടായിരുന്നു. പക്ഷെ, തങ്ങളുടെ ചൂഷണ മനസ്ഥിതി ഈ സംഘത്തിൽ ചിലവാകില്ലെന്ന് ബോധ്യപ്പെട്ടപ്പോഴാണ് 1926 ൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എന്ന മറ്റൊരു സംഘടന രൂപീകരിച്ച് അവർ പുറത്തുപോയത്. അവിടെ ശേഷിച്ചിരുന്ന പണ്ഡിതന്മരാരാകട്ടെ 100 ശതമാനവും സലഫിയ്യത്തിലേക്ക് കടന്നുവന്നവരുമായിരുന്നില്ല. കർമശാസ്ത്രപരമായി ശാഫിഈ മദ്ഹബിൽ നിന്നും ചില നാട്ടാചാരങ്ങളിൽ നിന്നും ഘട്ടംഘട്ടമയാണ് അവർക്ക് പരിവർത്തനമുണ്ടായതും യഥാർത്ഥ സുന്നത്തിലേക്ക് മടങ്ങിയതും. യഥാർത്ഥത്തിൽ ഈ കാലയളവിലാണ് നബിദിനാഘോഷത്തെ സംബന്ധിച്ചുള്ള ആരോപണവിധേയമായ പല ലേഖനങ്ങളും കടന്നുവരുന്നതും. അതുകൊണ്ടു തന്നെ അവയിൽ ബിദ്അത്തിന്റേയും ഖുറാഫാത്തിന്റേയും വല്ല ചുവയും കണ്ടാൽ ആ അർത്ഥത്തിൽ മാത്രമേ അത് ഉൾകൊള്ളാൻ പാടുള്ളൂ. ഇത്രയും പറഞ്ഞത്, അവരെല്ലാം നബിദിനം ആഘോഷിച്ചിട്ടുണ്ട് എന്ന് സമ്മതിക്കാൻ വേണ്ടിയല്ല. പ്രത്യുത അവരുടെ അവസ്ഥകളും ഇസ്‌ലാമിന്റെ നിലപാടും വ്യക്തമാക്കാൻ വേണ്ടി മാത്രമാണ്.

ഇനി, നാം പരിശോധിക്കേണ്ടത്, അവർ (മുജാഹിദുകളുടെ കേരളത്തിലെ മുൻകഴിഞ്ഞ നേതാക്കൾ) ഇന്നത്തെപ്പോലെ നബിദിനമാഘോഷിച്ചിട്ടുണ്ടോ എന്നതാണ്. അങ്ങനെ ഉണ്ട് എന്നാണ് മുസ്‌ല്യാക്കന്മാർ ആണയിട്ട് സമർത്ഥിക്കുന്നത്. അക്കാര്യം അവരുടെ വരികളിലൂടെ തന്നെ ആദ്യം കാണുക:

**(നബിദിനാഘോഷവും കേരള വഹാബികളും. പേജ്: 6. അൻവാറുൽ ഉലൂം ദർസ്. പുള്ളാവൂർ)**



നബിദിനാഘോഷം കേരള വഹാബികളുടെ തുടക്കംമുതൽ നിർബന്ധമാണെന്ന വാദക്കാരായിരുന്നു എന്നത് അക്കൂട്ടരുടെ പഴയ പ്രസിദ്ധീകരണങ്ങളിൽ നിന്നും വ്യക്തമായി തെളിയുന്നതാണ്. പിന്നീട് മറ്റെല്ലാ സംഗതികളും മാറ്റിത്തിരുത്തിയതുപോലെ ഈ വിഷയത്തിലും മാറ്റത്തിരുത്തലുകൾ കൊണ്ടുവന്നിരിക്കുകയാണ്. ഇപ്പോൾ റസൂൽ (സ)യുടെ പേരിൽ ഒരു ഫാതിഹ ഓതിയാൽ കാഫിറായിപ്പോകുമെന്നും മറ്റും പ്രസിദ്ധീകരിക്കാൻ തുടങ്ങിയിരിക്കുകയാണ്. മുമ്പ് അക്കൂ

**(നബിദിനാഘോഷവും വഹാബികളും. പേജ്: 8. കെ.വി. ഹാരിസ് കൊറ്റപ്പുറം)**




## നബിദിനാഘോഷവും മുൻവഹാബികളും

വൈരുദ്ധ്യങ്ങളാൽ നിറഞ്ഞു നിൽക്കുന്ന വഹാബീപ്രസ്ഥാനത്തിൽ മറ്റു വിഷയങ്ങളിലെന്നതുപോലെത്തന്നെ നബിദിനം കൊണ്ടാടുന്ന വിഷയത്തിലും മുൻ വഹാബീനേതാക്കളും ആധുനിക വഹാബികളും തമ്മിലടിക്കുന്നതായി കാണാം.

ഇന്ന് മൗലിദ് കൊണ്ടാടൽ ശിർക്കാണെന്നും അനാചാരമാണെന്നും, എന്തിനേറെ നബി (സ) യുടെ മേൽ ഒരു യാസീൻ ഓതിയാൽ പോലും കാഫിറായി പോകുമെന്നും നോട്ടീസിലൂടെയും, തൂലികയിലൂടെയും, പ്രസംഗങ്ങളിലൂടെയും പ്രചരണം നടത്തിക്കൊണ്ടിരിക്കുന്ന കൂപമണ്ഡുക ങ്ങളാകുന്ന ആധുനിക വഹാബീ കുഞ്ഞാടുകളുടെ മുൻകഴിഞ്ഞ വഹബീപോപ്പുമാരായ നേതാക്കൾ മൗലിദ് കൊണ്ടാടണമെന്നും അതു മുസ്‌ലിംകളുടെ കടമയാണെന്നും, എഴുതിവിടുകയും പ്രചരിപ്പിക്കുകയും ചെയ്തവരായിരുന്നു.

എന്നാൽ വഹാബിസം തലക്കുപിടിച്ച ആധുനിക വഹാബികൾക്കു ഇതൊന്നുമറിയില്ല. ഇനി അറിഞ്ഞാൽ തന്നെ

കണ്ടല്ലോ, മുൻകാല മുജാഹിദ് നേതാക്കൾ നബിദിനം ആഘോഷിച്ചിരുന്നു എന്ന് മാത്രമല്ല, അത് നിർബന്ധമായി കണ്ടിരുന്നു എന്നുവരെ മേൽ വരികളിലൂടെ ആരോപിക്കുന്നു! അതിനെല്ലാം തെളിവുദ്ധരിക്കുന്നതാകട്ടെ അവരുടെ പഴയകാല പ്രസിദ്ധീകരണങ്ങളായ 'അൽമുർശിദി'ൽനിന്നും 'അൽഇർശാദി'ൽ നിന്നുമുള്ള തലയും വാലും വെട്ടിമാറ്റിയ ഏതാനും വരികളും.

യഥാർത്ഥത്തിൽ അവരെല്ലാം ഇന്ന് നടക്കുന്ന തരത്തിലുള്ള നബിദിനാഘോഷത്തെയും മൗലീദ് പാരായണത്തെയുമെല്ലാം ശക്തിയായി എതിർത്തവരായിരുന്നു എന്ന് ആരോപണവിധേയമായ അവരുടെ ലേഖനങ്ങളിൽ തന്നെ പറയുന്നുണ്ട്. അത്തരം ഭാഗങ്ങൾ മറച്ചുവെക്കുകയാണ് മുസ്‌ല്യാക്കന്മാരുടെ ഈ തെറ്റിദ്ധരിപ്പിക്കൽ. എങ്കിൽപിന്നെ, അവർ അംഗീകരിച്ചു എന്ന് പറയുന്നത് എന്താണ്? വിശദീകരിക്കാം. ശിർക്കിനും ബിദ്അത്തിനുമെതിരെ പൊതുജനത്തെ ഉൽബുദ്ധരാക്കാനും നബി(ﷺ)യുടെ ചര്യകളും സത്യസന്ധമായ ചരിത്രവും അവരെ പഠിപ്പിക്കാനുമായി റബീഉൽഅവ്വൽ മാസത്തിൽ പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുന്നതിനെയാണ് അവർ അംഗീകരിച്ചിരുന്നത്. അതിലപ്പുറം ആ ദിവസത്തിന് ഇല്ലാത്ത പോരിശകൾ കൽപിച്ചുകൊണ്ട് പ്രത്യേകമായ ആചാരങ്ങൾ സംഘടിപ്പിക്കാനും ആഘോഷിക്കാനുമല്ല. ഇക്കാര്യം മുസ്‌ല്യാക്കന്മാർ തലയും വാലും കട്ടുചെയ്ത് ഉദ്ധരിക്കുന്ന ഭാഗങ്ങളിൽ പോലും വ്യക്തമാണ്. അതിനുള്ള ചില ഉദാഹരങ്ങൾ കാണുക:

**(നബിദിനാഘോഷം. പേജ്: 41. സി.എ. പറമ്പക്കടവ്)**




മൗലിദു യോഗങ്ങൾ സംഘടിപ്പിക്കണമെന്നും അങ്ങിനെ ചെയ്യാത്തവർ നന്ദികെട്ടവരാണെന്നും മറ്റൊരു മുജാഹിദു നേതാവായ കെ. എം. മൗലവി എഴുതിയതു കാണുക.

"...അതിനാൽ മുഹമ്മദുനബിയെ അല്ലാഹു തആലാ ഭൂജാതനാക്കി ലോകത്തെ അനുഗ്രഹിച്ചിട്ടുള്ളതിന്ന് ഈ മാസത്തിൽ നബിയുടെ 'ദഅ്‌വത്ത്' (സന്ദേശം) പ്രചരിപ്പിക്കുകവഴിയായി ശുക്ക്റ് ചെയ്യണം അതിന്നായി ദേശങ്ങൾതോറും മൗലിദു യോഗങ്ങൾ കൂടി അതിൽ നാനാ ജാതി മതസ്ഥരെയും സമ്മേളിപ്പിച്ചു അവർക്കെല്ലാം നബിയുടെ ദഅ്‌വത്ത് തബ്‌ലീഗ് ചെയ്യുന്ന കടമയെ നാം നിർവ്വഹിക്കുകയും ഈ മാസത്തിലും റമസാൻ മാസത്തിലും എല്ലാ ദേശത്തും ഒരു തബ്‌ലീഗു ഫണ്ട് ശേഖരിക്കുകയും വേണം.'

(അൽ മുർശിദ് പു. 1 ലക്കം 5ലെ മുഖപ്രസംഗം)

(വഹാബി പ്രസ്ഥാനം ഒരു സമഗ്രപഠനം. പേജ്: 63. ഹംസക്കോയ ബാഖവി മൂന്നിയൂർ)




അതുകൊണ്ട് ഈ റബീഉൽ അവ്വൽ മാസത്തിൽ നബിയുടെ ഉപദേശങ്ങളേയും ചര്യകളേയും ജനങ്ങളെ പഠിപ്പിക്കാനാണ് നാം ശ്രമിക്കേണ്ടത്. കുറച്ചുകാലമായി നമ്മുടെ നാട്ടിൽ മാത്രമല്ല, ഇന്ത്യയൊട്ടുക്കും ഇന്ത്യക്ക് പുറമെ ചില രാജ്യങ്ങളിലും നബിദിനമെന്ന പേരിൽ ഈ ശ്രമം ചെയ്തുവരുന്നുണ്ട്. എന്നാൽ ഈ ശ്രമം കൂടുതൽ ഉപയോഗപ്രദമാക്കിത്തീർക്കുവാൻ ഉത്സാഹിക്കേണ്ടതാണ്. കേവലം പ്രസംഗങ്ങളെകൊണ്ട് മതിയാക്കരുത്. നബിയുടെ സച്ചരിതങ്ങളും ഇസ്‌ലാംമത സിദ്ധാന്തങ്ങളും വിവരിച്ചുകൊണ്ടുള്ള ലഘുലേഖകളും ചെറുപുസ്തകങ്ങളും അച്ചടിച്ച് പ്രചരിപ്പിക്കുന്നത് അധികം നന്നായിരിക്കും. നാം റബീഉൽ അവ്വൽ കൊണ്ടാടുന്നതും നബിയോടുള്ള നമ്മുടെ ബഹുമാനത്തെ പ്രദർശിപ്പിക്കുന്നതും ഇതേക്രമത്തിൽ ആയിരുന്നാൽ അതുകൊണ്ട് വലിയ ഫലം. സിദ്ധിക്കുന്നതാണ്. (അൽമുർശിദ് പു.2, പേ. 168)

റബീഉൽ അവ്വൽ മാസത്തെ മുസ്‌ലിം ലോകം ആകമാനം കൊണ്ടാടുന്നു. ലോകം മുഴുവനും കൊണ്ടാടേണ്ടതുമാണ്. ഈ കൊണ്ടാട്ടം പല നല്ല കാര്യങ്ങളേയും സാധിപ്പിക്കുന്നുണ്ട്. തിരുമേനിയോടുള്ള സ്നേഹത്തെ മനുഷ്യഹൃദയങ്ങളിൽ ഊന്നിപ്പിടിപ്പിക്കുന്നു. അദ്ദേഹത്തിന്റെ സച്ചരിതങ്ങളേയും സൽസ്വഭാവങ്ങളേയും സ്മരിക്കുന്നതിന് വഴിയൊരുക്കുന്നു. (അൽമുർശിദ് പു.4, പേ. 22)

(നബിദിനാഘോഷവും വഹാബികളും. പേജ്: 12,13. കെ.വി. ഹാരിസ് കൊവ്വപ്പുറം)




വീണ്ടും അൽമുർശിദിൽ എഴുതുന്നു.

..... *"ഇങ്ങിനെയുള്ള മഹൽമതത്തിന്റെ പ്രബോധകൻ പ്രജാതല്പരനായ ഭരണാധികാരി, ദീനദയാലുവായ പ്രഭു ഉൽകൃഷ്ട പരിശീലകനായ ഉത്തമഗുരു, ദൈവ സന്ദേശവാഹി ജനിച്ച മാസമാണ് റബീ ഉൽ അവ്വൽ അതിനാൽ ആ മാസത്തെ മുസ്ലീം ലോകം ആകമാനം കൊണ്ടാടുന്നു. ലോകം മുഴുവൻ കൊണ്ടാടേണ്ടതുമാണ്. ഈ കൊണ്ടാട്ടം പലനല്ല കാര്യങ്ങളും സാധിപ്പിക്കുന്നുണ്ട്. തിരുമേനിയോടുള്ള സ്നേഹത്തെ മനുഷ്യഹൃദയങ്ങളിൽ ഊന്നിപ്പിടിപ്പിക്കുന്നു. അദ്ദേഹത്തിന്റെ സച്ചരിതങ്ങളെയും സൽസ്വഭാവങ്ങളെയും സ്മരിപ്പിക്കുന്നതിനു വഴിവെക്കുന്നു. അവ ജനങ്ങൾക്കു വിവരിച്ചു കൊടുക്കുന്നതിനു അവസരം നൽകുന്നു. ഇസ്ലാം ദീനിന്റെ പ്രചരണത്തിന്നതുപകരിക്കുന്നു. മുസ്‌ലിംകളിൽ ഐക്യവും സംഘടനയും പരസ്പര സ്നേഹവും വർദ്ധിപ്പിക്കുന്നതിനും അതു ഉതകുന്നു".*

"..................... *നബിയെ മാതൃകയാക്കി നബിയുടെ ചര്യയെ പഠനം ചെയ്തു അതിനെ തുടർന്ന് പ്രവർത്തിക്കുന്നവർ അല്ലാഹുവിനെയും അവസാന ദിവസത്തെയും പറ്റി പേടിയുള്ളവരും പടച്ചവനെ അധികമായി വിചാരമുള്ളവരുമാണ്. ഇത്തരക്കാർ മൗലിദ് യോഗങ്ങളിൽ വന്നു ചേരുകയും നബി ചർച്ചകളെ കേട്ടു മനസ്സിലാക്കി പ്രവർത്തിക്കുകയും ചെയ്യും. അന്നു മുസ്‌ലിം ലോകം ഒന്നായി കൊണ്ടാടുന്ന മൗലിദ് യോഗങ്ങളിൽ നബിയുടെ ശരിയായ നടപടിക്രമം വിവരമായി പറഞ്ഞു കൊടുക്കും. അങ്ങയുടെ സ്വഭാവങ്ങൾ വിവരിക്കും, നബിയെ പിന്തുടരുവാനുള്ള ഉൽബോധനങ്ങൾ നടക്കും സദസ്സിൽ നബിയോടുള്ള പ്രേമം വളർത്തും നബിയുടെ അനുയായികളായ സ്വഹാബത്തിന്റെ മതനിഷ്ടഭക്തി മുതലായവ വിവരിക്കും. അവിടെ കൂടിയിരിക്കുന്നവരുടെ നാവുകളെയെല്ലാം സ്വലാത്ത് ചെല്ലുന്നതിന്നു പ്രേരിപ്പിക്കും. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുവാൻ പര്യാപ്തങ്ങളായ ഉപദേശങ്ങൾ നടക്കും"* (അൽ മുർശിദ് പുസ്തകം 4 ലക്കം)

മുൻകാല മുജാഹിദ് പണ്ഡിതന്മാരുടേതായി മുസ്ല്യാക്കന്മാർ ഉദ്ധരിച്ച വരികളാണ് മുകളിൽ നാം വായിച്ചത്. ഇത്തരം പരാമർശങ്ങളുദ്ധരിച്ചാണ്, അവർ നബിദിനാഘോഷം നിർബന്ധപൂർവ്വം ആചരിച്ചിരുന്നു എന്നുവരെ തട്ടിവിട്ടിരിക്കുന്നത്! ഇനി നിഷ്പക്ഷമായി പറയൂ, അവരെല്ലാം, ഘോഷയാത്രയും ദഫ്ഫും സ്കൗട്ടും മൗലീദ് പാരായണവും നേർച്ചച്ചോറുമുള്ള ബിദ്അത്തിന്റെ നബിദിനാഘോഷത്തെയാണോ അംഗീകരിച്ചത്? അതോ എല്ലാവിധ ബിദ്അത്തുകളിൽ നിന്നും മുക്തമായ, നബിചരിത്രവും സുന്നത്തും പഠിപ്പിക്കുന്ന മൗലീദ് സദസ്സുകളേയോ? മേൽ വരികൾ വായിച്ചാൽ അങ്ങനെയല്ലേ മനസ്സിലാവുക? എന്നിട്ടും അവരുടെ മേൽ ദുരാരോപണം ഇന്നും പൂർവ്വാധികം ശക്തിയോടെ തുടരുന്നു. വല്ലാത്ത വൈരുധ്യം തന്നെ!

മാത്രമല്ല, അവർ (കെ.എം മൗലവി, ഇ.കെ മൗലവി തുടങ്ങിയവർ) നബിദിനാഘോഷത്തിന്റെയും മൗലിദിന്റെയും പേരിൽ ഇന്ന് നടക്കുന്ന എല്ലാ അനാചാരങ്ങളെയും ശിർക്കുകളെയും തുറന്നുകാട്ടുന്നവരായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഇക്കാര്യം വിമർശനവിധേയമായ മേൽ അൽഇർശാദിലും അൽമുർശിദിലും തന്നെയുണ്ട്. അവ കണ്ട ഭാവം പോലും നടിക്കാതെയാണ് മുസ്ല്യാക്കന്മാരുടെ മേൽ കസർത്ത്. അതിനാൽ. അത്തരം ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്. അത് വായനക്കാർ മനസ്സിരുത്തി വായിക്കുക:

**(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 145)**





**ഇതിന്റെ മലയാള രൂപം:** "എന്നാൽ റബീഉൽ അവ്വലിൽ മൗലിദ് കഴിക്കുന്നത് മുസ്ലിമീങ്ങളുടെ സർവ്വ സാധാരണമായ ഒരു ആദത്തായി തീരുകയാൽ അത് കഴിവുള്ളവരുടെ മേൽ വാജിബോ സുന്നത്തോ ആയിട്ടുള്ള ഒരു ദീനിയായ അമലാണെന്നും അതിനെ ഉപേക്ഷിക്കുന്നവർ തീർച്ചയായും ആക്ഷേപാർഹരാണെന്നും ജനങ്ങൾ പൊതുവെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ അമലിന്റെ താരീഖും (ഇത് എന്നുമുതൽ ഉണ്ടായതാണെന്നും) ഇതിനെക്കുറിച്ച് ശറഇന്റെ ഉലമാക്കൾ പറഞ്ഞിട്ടുള്ള ഹുക്മും പൊതുജനങ്ങളെ അറിയിക്കുന്നത് ആവശ്യമാകയാൽ അവയെക്കുറിച്ച് അൽപം വിവരിക്കാം. അല്ലാഹുതആലാ നമുക്ക് എല്ലാവർക്കും ഹഖിനെ വെളിപ്പെടുത്തിത്തരികയും അതനുസരിച്ച് നടക്കുവാൻ തൗഫീഖ് നൽകുകയും ചെയ്യട്ടെ. ആമീൻ" *(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 145)*

ഈ ലേഖനംകൊണ്ട് എന്താണ് ലേഖകൻ (ഇ.കെ. മൗലവിയാണ് ലേഖകൻ) ഉദ്ദേശിച്ചതെന്ന് ഈ വരികളിൽ നിന്ന് വളരെ വ്യക്തമാണല്ലോ? തുടർന്ന് അദ്ദേഹം ഹിജ്റ 6-7 നൂറ്റാണ്ടിൽ ജീവിച്ച മുളഫ്ഫർ രാജാവാണ് ഇത് ആദ്യമായി ഉണ്ടാക്കിയത് എന്ന് സമർത്ഥിക്കുന്നുണ്ട്. തുടർന്ന് അതിന്റെ മതവിധി വിശദീകരിക്കുന്നത് നോക്കൂ: **(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 146, 147)**





**ഇതിന്റെ മലയാള രൂപം:** “ഇനി ഇപ്രകാരമുള്ള മൗലിദിന്റെ കാര്യത്തിൽ ഉലമാഉശ്ശർഅ് പറഞ്ഞിട്ടുള്ള ഹുക്മ് എന്താണെന്ന് ചിന്തിക്കാം. ഉലമാക്കളിൽ ചിലർ ഇത് മദ്മൂമത്തായ (ആക്ഷേപാർഹമായ) ബിദ്അത്താണെന്ന് പറഞ്ഞിരിക്കുന്നു. കാരണം, ഇത് ദീനിൽ മശ്റൂഅ് (നിയമിക്കപ്പെട്ടത്) അല്ലാതിരിക്കവെ ഒരു മതാചാരമായി എന്നുമാത്രമല്ല, ഒരു ദീനിയായ ഇബാദത്തായി എണ്ണപ്പെടുന്നു. പൊതുജനങ്ങൾ ഇത് മശ്റൂആണെന്ന് വിചാരിച്ചുവരുന്നു. വേറെ ചില ഉലമാക്കൾ പറയുന്നത് ഇത് ഹസനത്തായ (നല്ലതായ) ബിദ്അത്താണെന്നാണ്.” *(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 146,147)*

നോക്കൂ! എത്ര വ്യക്തമാണ് അവരുടെ നിലപാട്. ഇതെല്ലാം എഴുതിയിരിക്കുന്നത് മറ്റെവിടേയുമല്ല. മുസ്ല്യാക്കന്മാർ സ്ഥിരമായി ഉദ്ധരിക്കുന്ന അതേ ലേഖനങ്ങളിലുള്ള വരികളാണ്. ഈ ലേഖനത്തിന്റെ പേരു തന്നെ ‘താരീഖുൽ മൗലിദി വ ഹുക്മുഹു’ (മൗലിദാഘോഷത്തിന്റെ ചരിത്രവും വിധിയും) എന്നാണ്. ഈ ആഘോഷം നബി(ﷺ)യോ സ്വഹാബത്തോ മറ്റു സലഫുസ്സാലിഹുകളോ നടത്തിയിട്ടില്ലെന്നും അത് ബിദ്അത്താണെന്നും സ്ഥാപിക്കുകയാണ് ആ ലേഖനത്തിന്റെ ഉദ്ദേശ്യവും. കാരണം, തുടർന്നുകൊണ്ടദ്ദേഹം ഇക്കാര്യം പണ്ഡിതന്മാരെ ഉദ്ധരിച്ചുകൊണ്ട് സമർത്ഥിക്കുകയാണ് ചെയ്യുന്നത്. അതിപ്രകാരമാണ്:

**(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 149)**





١٤٩ المولد

**ഇതിന്റെ മലയാള രൂപം:** “ഇബ്നുൽഹാജിൽ മാലികീ(റ) അവരുടെ ‘മദ്ഖൽ’ എന്ന കിതാബിൽ ഇങ്ങിനെ പറയുന്നു: ഹറാമോ മക്റൂഹോ ഖിലാഫുൽ ഔലയോ ആയ യാതൊരു സംഗീതവും വിനോദവും മറ്റും ഒന്നും കൂടാതെതന്നെ മൗലിദ് കഴിക്കുന്നതായാലും മൗലിദ് എന്ന നിയ്യത്തുകൊണ്ടുതന്നെ അത് ബിദ്അത്താകുന്നു. എന്തുകൊണ്ടെന്നാൽ അത് ദീനിൽ ഏറ്റലാണ്. പൂർവ്വികന്മാരായ സലഫീങ്ങളുടെ അമലിൽ പെട്ടതല്ല. സലഫീങ്ങളോട് തുടരുന്നതാകുന്നു ഏറ്റവും നല്ലത്. എന്നുമാത്രമല്ല, അവരുടെ നടപടിക്ക് വിരോധമായി ഒരുനിയ്യത്ത്കൂടി ഏറ്റാതിരിക്കൽ ഏറ്റവും നിർബന്ധമായിട്ടുള്ളതാണ്. കാരണം, റസൂലുല്ലാഹി(ﷺ) തങ്ങളുടെ സുന്നത്തിനോട് തുടരുന്നതിലും നബിയേയും നബിയുടെ സുന്നത്തിനേയും തഅ്ളീം ചെയ്യുന്നതിലും ജനങ്ങളിൽ നിന്ന് ഏറ്റവും അധികം ശ്രദ്ധയും ഉൽസാഹവുമുള്ളവർ അവർ (സലഫീങ്ങൾ) തന്നെയായിരുന്നു. അവരിൽനിന്ന് ഒരാളെങ്കിലും മൗലിദ് എന്ന നിയ്യത്തോടുകൂടി ഇങ്ങനെ ഒരു അമൽ ചെയ്തതായി നഖ്ല് (റി

പ്പോർട്ട്) ചെയ്യപ്പെട്ടിട്ടില്ല. നാം അവരുടെ പിൻഗാമികളാണ്. അപ്പോൾ അവർക്ക് വിശാലമായിട്ടുള്ളത് നമുക്കും വിശാലമാകും." *(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 149)*

നോക്കൂ ഇത്ര വ്യക്തമായി എഴുതിയ ഒരു ലേഖനത്തെയാണ് മുസ്‌ലിയാക്കന്മാർ കഷ്ണിച്ചെടുത്ത് തങ്ങൾക്കനുകൂലമാക്കി ദുർവ്യാഖ്യാനിക്കുന്നത്. നീതിബോധം അവരെ തൊട്ടുതീണ്ടിയിട്ടില്ലെന്ന് ഇതിലൂടെ വ്യക്തമായല്ലോ?

മാത്രമല്ല, ഈ ലേഖനത്തെ സംബന്ധിച്ച് പിന്നീട് ചില യാഥാസ്ഥിതികർ സംശയങ്ങളുന്നയിച്ചപ്പോൾ അത് ബിദ്അത്താണെന്ന കാര്യം ഒന്നുകൂടി അരക്കിട്ടുറപ്പിച്ചുകൊണ്ട് അതേ ലേഖകൻ തന്നെ മറുപടി കൊടുക്കുന്നത് കാണുക:

**(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 4-5. പേജ്: 238)**




**ഇതിന്റെ മലയാള രൂപം:** "മൗലൂദ് എന്ന ഈ നടപടി സലഫുസ്സ്വാലിഹീങ്ങളാൽ ഏതൊരാളും ചെയ്യാത്തതാണെന്നും ശറഅ് അനുസരണം ഉള്ള ഒരു നടവടിയല്ലെന്നും മറ്റുമാണ്. എന്നാൽ ഞാൻ പറഞ്ഞിട്ടുള്ളത് ഖൈറുൽഖുറൂനായ ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകളിലെ സലഫുസ്സ്വാലിഹീങ്ങളിൽ ആരും ഈ മൗലിദടിയന്തരം കൊണ്ടാടിയിരുന്നില്ലെന്നാണ്. അതിന് ഞാൻ ശരിയായ രേഖയും കൊടുത്തിട്ടുണ്ട്. പോരെങ്കിൽ ചുവടെ ഉദ്ധരിക്കുന്ന ഇബാറത്തു കൂടി ശ്രദ്ധയോടുകൂടി വായിക്കുക.." *(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 4-5. പേജ്: 238)*

ശേഷം കുറെ പണ്ഡിതോദ്ധരണികൾ ഇതുസംബന്ധമായി നൽകിയതിനു ശേഷം അവസാനിപ്പിക്കുന്നതിങ്ങനെയാണ്: **(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 4-5. പേജ്: 239)**




**ഇതിന്റെ മലയാള രൂപം:** ".......മേൽ എഴുതിയ ഇബാറത്തുകളാൽ ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകളിൽ മൗലിദ് കഴിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ലെന്ന് സൂര്യപ്രകാശം പോലെ തെളിഞ്ഞുവല്ലോ." *(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 4-5. പേജ്: 239)*

തന്റെ ലേഖനത്തിന്റെ അവസാനഭാഗത്ത്, റബീഉൽഅവ്വലിലും മറ്റും വലിയ പോരിശകൽപിച്ചുകൊണ്ട് പാരായണം ചെയ്യുന്ന മൗലിദ് കിതാബുകളെസംബന്ധിച്ചാണ്. അതിലുള്ള ളഈഫും (ദുർബ്ബലം) മൗളൂഉ (നിർമ്മിതം) മായ ഹദീസുകളെ ആക്ഷേപിക്കുകയും ഇനി ശരിയായ വല്ല സംഭവങ്ങളും ഉണ്ടെങ്കിൽതന്നെ അത് അറബിയിലാകയാൽ അത് ആർക്കും മനസ്സിലാകാതെ പോകുന്നതിനാൽ അതുകൊണ്ട് യാതൊരു ഫല

വുമില്ലെന്നുമാണ്. പ്രസ്തുത വരികൾ കാണുക:

**(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 153,154)**





**ഇതിന്റെ മലയാള രൂപം:** "എന്നാൽ ഇന്ന് പല മൗളൂആയ ഹദീസുകളാലും അടിസ്ഥാനമില്ലാത്ത രിവായത്തുകളാലും മറ്റു പല ഊഹങ്ങളായ വിവരങ്ങളാലും രൂപീകരിക്കപ്പെട്ട പല മൗലീദിന്റെ കിതാബുകളേയും കാണാം. മനാഖിബുകളിൽ ളഈഫായ ഹദീസുകളെ എടുത്ത് വിവരിക്കൽ ജാഇസാണെന്നുള്ള ഖൗലിനെ പ്രമാണിച്ചായിരിക്കാം പലരും അങ്ങിനെ മൗലീദുകളെ നിർമിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള പല അസാധാരണ സംഭവങ്ങളേയും മറ്റും പറയുന്നതുകൊണ്ട് പൊതുജനങ്ങളുടെ ഹൃദയങ്ങളിൽ വലിയ വികാരങ്ങളുണ്ടാകുമെന്നാണ് ആ മുഅല്ലിമീങ്ങൾ ധരിച്ചിട്ടുള്ളതെങ്കിൽ കാര്യത്തിന്റെ കലാശം മറ്റുപ്രകാരത്തിലാണ്. ആവക ഊഹങ്ങളായ കഥകളിൽ നിന്നും അനേകം ബിദ്അത്തുകൾ മുളച്ചുണ്ടാകുന്നുണ്ട്. ഇന്ന് കാണുന്ന പല ബിദ്അത്തുകൾക്കും ഈവക കഥകൾ വളരെ സഹായമായിട്ടുണ്ടെന്ന് സമ്മതിക്കാതെ നിവർത്തിയില്ല. നബി(ﷺ) തങ്ങൾക്കാണെങ്കിൽ നാലോ നാൽപതോ മൗലീദുകളിൽ പറഞ്ഞാലവസാനിക്കാത്ത മശ്ഹൂറും മുതവാത്തിറുമായ ഫളാഇലും മനാഖിബും ഉള്ള സ്ഥിതിക്ക് ളഈഫാത്തും മൗളൂആത്തും എടുത്തു വിവരിക്കേണ്ടതായ ആവശ്യമെന്താണ്. മൗലീദ് ഓതുമ്പോൾ തന്നെ ജനങ്ങൾ കാട്ടിക്കൂട്ടുന്ന ബിദ്അത്തുകൾക്ക് കയ്യും കണക്കുമില്ല." *(അൽഇർശാദ്. 1343 റബീഉൽഅവ്വൽ. പുസ്തകം: 1 ലക്കം: 5. പേജ്: 153,154)* യാതൊരു വിശദീകരണത്തിന്റേയും ആവശ്യമില്ലാത്തവിധം ഇപ്പോൾ എല്ലാ സംശയങ്ങൾക്കും പരിഹാരമായല്ലോ?

പിന്നീട് മുസ്ല്യാക്കന്മാർ വെട്ടിമുറിച്ച് ഉദ്ധരിക്കാറുള്ളത് കേരള ജംഇയ്യത്തുൽ ഉലമ പ്രസിദ്ധീകരിച്ചിരുന്ന 'അൽമുർശിദ്' മാസികയാണ്. അതിനെക്കുറിച്ചും മുസ്ല്യാക്കന്മാരുന്നയിക്കുന്ന വിമർശനങ്ങൾ നേരത്തെ നാം കണ്ടുവല്ലോ? അതിനാൽ അതിലേയും ചില ഭാഗങ്ങൾ ഉദ്ധരിക്കാം. എന്നിട്ട് തീരുമാനിക്കുക അതും നബിദിനാഘോഷത്തിന് അനുകൂലമാണോ എതിരാണോ എന്ന്.

**(അൽമുർശിദ്. 1355 റബീഉൽ അവ്വൽ. 1936 ജൂൺ. പുസ്തകം: 2 ലക്കം: 5. പേജ്: 7)**





**ഇതിന്റെ മലയാള രൂപം:** "എന്നാൽ ഈ മാസത്തെ നാം എങ്ങിനെ കൊണ്ടാടണം? നബി(ﷺ) യുടെ നേരെ നമുക്കുള്ള ബഹുമാനത്തെ എങ്ങിനെ പ്രദർശിപ്പിക്കണം? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിന് മുമ്പായി ഇന്ന് നാം റബീഉൽ അവ്വൽ മാസത്തെ എങ്ങിനെ കൊണ്ടാടുന്നുവെന്നും നബിയോട് നമുക്കുള്ള ബഹുമാനത്തെ എങ്ങിനെ പ്രദർശിപ്പിച്ചുവരുന്നു എന്നും നമുക്ക് പരിശോധിക്കാം. റബീഉൽ അവ്വൽ മാസം വന്നാൽ വീടുതോറും മൗലൂദ് ഓതുന്ന സമ്പ്രദായമാണ് അനേകംകാലമായി നമ്മുടെ നാട്ടിൽ നടന്നുവരുന്നത്. ഈ സമ്പ്രദായം കൊണ്ട് നബി(ﷺ) യുടെ ജീവചരിത്രം പഠിക്കുവാനോ തിരുമേനിയുടെ ചര്യകളെ അറിയുവാനോ സാധിക്കുന്നില്ല. മൗലിദുകളാകട്ടെ നമ്മളിൽ അധികപേർക്കും അറിഞ്ഞുകൂടാത്ത അറബിഭാഷയിലാണ്. നബിയുടെ ശരിയായ ജീവചരിത്രം അവയിൽ ഇല്ല എന്നുതന്നെ പറയാം. മിക്ക മൗലിദുകളിലും ജനനം വരെയുള്ള വിവരം മാത്രമായിരിക്കും. ചിലതിൽ ജനനദിവസമുണ്ടായ അത്ഭുത സംഭവങ്ങളും ശൈശവകാലത്തെ ഏതാനും വിവരങ്ങളും ഉണ്ടായിരിക്കും. ബാക്കിയുള്ളത് ചില ഖിസ്സകളാണ്. ഖിസ്സകളിൽ അധികവും അടിസ്ഥാന രഹിതങ്ങളെന്നുതന്നെ പറയാം. അത്തരത്തിൽ അറബി ഭാഷയിലുള്ള മൗലിദ് മുക്രിയോ മുല്ലയോ വന്ന് ഒരു ഭാഗത്തിരുന്ന് ചൊല്ലിപ്പറഞ്ഞതുകൊണ്ട് എന്തൊരു ഫലമാണ് സിദ്ധിക്കുവാനുള്ളത്. മുല്ല ചൊല്ലുന്നത് എന്താണെന്ന് മുല്ലക്കുതന്നെ മനസ്സിലായിരിക്കയില്ല. ചൊല്ലിക്കുന്നവന്റെ സ്ഥിതിയും അതുതന്നെ. റബീഉൽ അവ്വൽ കൊണ്ടാടേണ്ടത് ഇങ്ങനെയാണോ? ഇതുകൊണ്ടാണോ നബിയോടുള്ള ബഹുമാനത്തെ പ്രദർശിപ്പിക്കേണ്ടത്? നബി(ﷺ) യോട് നമുക്കുള്ള ബഹുമാനത്തെ പ്രദർശിപ്പിക്കേണ്ടത് നബിയുടെ ചര്യകളേയും സന്ദേശങ്ങളേയും പഠിക്കുകയും തിരുമേനിയെ പിന്തുടരുകയും ചെയ്യുന്നതുകൊണ്ടാണ്. നബിയെ പിന്തുടരുന്നതുകൊണ്ടല്ലാതെ നാം അല്ലാഹുതആലയുടെ സ്നേഹത്തിന് പാത്രവാന്മാരായിത്തീരുന്നതല്ല."
*(അൽമുർശിദ്. 1355 റബീഉൽഅവ്വൽ. 1936 ജൂൺ. പുസ്തകം: 2 ലക്കം: 5. പേജ്: 7)*

വിമർശനവിധേയമായ മറ്റൊരു ലക്കം അൽമുർശിദിലെ വരികൾ ശ്രദ്ധിക്കുക:

**(അൽമുർശിദ്. 1357 റബീഉൽ അവ്വൽ. 1938 മെയ്. പുസ്തകം: 4 ലക്കം: 1. പേജ്: 24, 25)**





**ഇതിന്റെ മലയാള രൂപം:** "നമ്മുടെ മൗലിദ് സദസ്സ് പരിഷ്കരിക്കേണ്ടിയിരിക്കുന്നു. സംഭവബഹുലങ്ങളാൽ നിബിഡീകൃതമായ നബിചരിത്രം ഉണ്ടായിരിക്കെ യാതൊരു അടിയും(അടിസ്ഥാനം) ഇല്ലാത്ത കള്ളക്കഥകളും കള്ള രിവായത്തുകളും പ്രചരിപ്പിക്കുവാൻ നമ്മുടെ ആലിമുകൾ തുനിയുന്നത് ഒട്ടും ശരിയല്ല. ഇന്ന് നാം സ്വീകരിച്ചിരിക്കുന്ന മൗലിദ് കിതാബിൽ സ്വഹീഹായ യാതൊന്നും തന്നെ ഇല്ലെന്ന് ഞാൻ പറഞ്ഞാൽ അത് അതിശയോക്തിയാണെന്ന് ഒരു പക്ഷെ പലരും തെറ്റിദ്ധരിച്ചേക്കും. ഈ തെറ്റിദ്ധാരണക്ക് കാരണം നമ്മുടെ ഉലമാഇന്റെ മൗനാനുമതിയാകുന്നു. അവർ സ്വഹീഹായ പ്രസ്താവനകൾ അടങ്ങിയിട്ടുള്ള കിതാബാണ് തയ്യാറാക്കിക്കൊടുക്കേണ്ടിയിരുന്നത്. അതവർ ചെയ്തില്ല. ളഈഫും മൗളൂആത്തും തെര്യപ്പെടുത്തിക്കൊടുക്കേണ്ടിയിരുന്നു. അതും അവർ ചെയ്തില്ല. ഇത്തരക്കാരാണോ മുസ്‌ലിം സമുദായത്തെ സ്വർഗത്തിലേക്ക് തെളിക്കുന്നത്? ഇവർ സ്വർഗത്തിലേക്കല്ല നരകത്തിലേക്കാണ് മുസ്‌ലിംകളെ നയിക്കുന്നത് എന്ന ആശങ്കക്ക് ഇവിടെ ഇടമുണ്ട്. എന്തുകൊണ്ടെന്നാൽ ആ മൗലിദ് ഓതുന്നവരെ പറ്റി ഈ ആയത്ത് എന്ത് സൂചിപ്പിക്കുന്നു എന്ന് നോക്കുക:

"വിവരമായി അറിഞ്ഞിട്ടില്ലാത്ത ചിലത് നിങ്ങൾ വായകൊണ്ട് പറഞ്ഞുവിടുന്നു എന്നിട്ട് അതെല്ലാം നിസ്സാരമാണെന്ന് ധരിക്കുകയും ചെയ്യുന്നു. അതാവട്ടെ അല്ലാഹുവിന്റെ പക്കൽ ഭയങ്കരമായതാകുന്നു." ഈ ആയത്ത് അവർ ഓർത്തിട്ടുണ്ടോ? ഇത് ഓർത്തിരുന്നുവെങ്കിൽ സകലരും അറിഞ്ഞതേ പറയൂ. ഉള്ളിലൊന്ന് വെച്ച് പുറത്ത് മറ്റൊന്ന് പറകയില്ല. ഇത് ഓർക്കാതെയായിരിക്കണം നമ്മുടെ ആലിമുകൾ, മുസ്ല്യാന്മാർ മൗലിദ് ഓതുന്നത്. അതിലുള്ളത് പറഞ്ഞുകൊടുക്കുന്നത് മൗളൂആത്തുകൾ (കെട്ടുകഥകൾ) സൂചന നൽകാതെ ജനങ്ങളെ കേൾപ്പിക്കുന്നത്. എന്ത് ചെയ്യട്ടെ നമ്മുടെ ആലിമുകൾ വഴിപിഴച്ചുപോയി. എനി അല്ലാഹു തന്നെ അവരെ നേർമാർഗത്തിലാക്കണം. അവർക്ക് സൽബുദ്ധി നൽകണം. റഹ്മാനായ തമ്പുരാനേ ജനങ്ങളുടെ ആലിമുകൾക്ക് സത്യം ഗ്രഹിപ്പിക്ക്, അത് തുറന്ന് പറയുവാനുള്ള ധൈര്യം നൽക്. എന്നാലേ കപടതയില്ലാത്ത നിന്റെ സാധു അടിമകൾക്ക് യഥാർത്ഥം അറിഞ്ഞു നടക്കുവാൻ സാധിക്കു. ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം

നമുടെ ഇടയിൽ വാഇളുകളാണ് (പ്രാസംഗികർ) അധികമായി അന്ധവിശ്വാസം പരത്തിയത്. അവർ സ്വയംകൃതിയായ പല കള്ളക്കഥകളും രചിച്ചു. ജനങ്ങളിൽ പ്രചരിപ്പിച്ചു. വാഇളീങ്ങളുടെ ഈ അന്ധവിശ്വാസ പ്രചരണം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പണ്ടുകാലം മുതൽക്കേ ഈശ്വരഭയംകൂടാതെ നടത്തിവരുന്ന ഒന്നാണ്." *(അൽമുർശിദ്. 1357 റബീഉൽഅവ്വൽ. 1938 മെയ്. പുസ്തകം: 4 ലക്കം: 1. പേജ്: 24, 25)*

നബിദിന കാലത്ത് ഏറെ പുണ്യം കൽപിച്ച് ചൊല്ലുന്ന മങ്കൂസ്, ശർറഫൽ അനാം മൗലീദുകളെയും സമൂഹത്തിൽ പ്രചരിച്ച മറ്റു മാല-മൗലീദുകളേയുമാണ് ഇവിടെ തുറന്നുകാട്ടുന്നത്. അവ പ്രചരിപ്പിക്കുന്നത് ആരാണെന്നും അവർക്ക് അതിന്റെ പിന്നിലുള്ള ലക്ഷ്യമെന്താണെന്നും ഇതിലൂടെ വ്യക്തമാക്കുന്നു.

ഇതേ അൽമുർശിദിന്റെ തന്നെ മറ്റൊരു സ്ഥലത്ത് എഴുതി:

**(അൽമുർശിദ്. 1357 റബീഉൽഅവ്വൽ. 1938 മെയ്. പുസ്തകം: 4 ലക്കം: 1. പേജ്: 26, 27)**





**ഇതിന്റെ മലയാള രൂപം:** "ഇനി നമുക്ക് മൗലിദ് കിതാബിനെ പറ്റി ചുരുങ്ങിയ ഒരു നിരൂപണം നടത്താം. ഞാൻ മുമ്പ് പറഞ്ഞതിൽ നിന്നും, അതിൽ വിവരിച്ച യാതൊരു രിവായത്തും സ്വഹീഹല്ല എന്ന് ഗ്രഹിച്ചിരിക്കുമല്ലോ? ....മങ്കൂസിൽ ഉള്ള ആദം നബിയുടെ തവസ്സുൽ, നൂഹ് നബിയുടെ ഇസ്തിഗാസ, ആമിനാ ബീവി മലക്കുകളെ കണ്ടത്, അമ്പിയാക്കന്മാർ കടന്നുചെന്നത്, പേരിടുവാൻ കൽപിച്ചത്, കുൻതു നൂറൻ എന്ന ഹദീസ് ഇതെല്ലാം ളഈഫാകുന്നു. ചിലത് മൗളൂആകുന്നു. കഅ്ബുൽ അഹ്ബാറിന്റെ ഹദീസ് മൗളൂആകുന്നു. വറുവിയ അന്ന ആമിന റഅത്ത് എന്ന രിവായത്തും മൗളൂആകുന്നു. ഫാരിസിലെ തീക്കട്ട വിവരം മൗളൂആകുന്നു. യഹ്‌യബ്നു ഉർവത്തിന്റെ പ്രസ്താവന ളഈഫാകുന്നു. ഉസ്മാനുബ്നു ഹുവൈറിന്റെയും അങ്ങിനെ തന്നെ. ഇബ്നു ഇസ്ഹാഖിന്റെ പ്രസ്താവനയും ളഈഫാകുന്നു. എന്നാൽ അത് നബി(സ്വ)തങ്ങളുടെ ഖിതാനിന്നായി വിളിച്ചുകൂട്ടിയ സദസ്സായിരുന്നു എന്നത് അൽപം നന്ന്. ആവിധത്തിൽ ഹാകിം വിവരിച്ചിട്ടുണ്ട്. വലമ്മാ കാന വക്തുള്ളുഹൂർ എന്നത് മൗളൂആകുന്നു. അലിയ്യിബ്നു സൈദിന്റെ കഥ ശരിയോ തെറ്റൊ എന്ന് നമുക്ക് തീരുമാനിക്കാവുന്നതല്ല. അദ്ദേഹം സംഭവം ആരോട് പറഞ്ഞു എന്ന് നോക്കേണ്ടതുണ്ട്. ഇനി, മങ്കൂസിന്റെ ഗ്രന്ഥകർത്താവ് ആരാണ്, അദ്ദേഹം എവിടെനിന്നാണ് എടുത്തത് എന്നും അറിയണം. ഇപ്പോൾ നിങ്ങൾക്കറിയാം മങ്കൂസ് ഓതുന്നത് കള്ളങ്ങൾ ഉരുവിടലാണ് എന്ന്. അത് ആലിമുകൾ ചെയ്യുന്നത് മഹാപാപമാണ് എന്ന്. അവരറിയാതെ ചെയ്തുപോയതാണെങ്കിൽ, ഞങ്ങൾ ആ വിഷയത്തിൽ ആലിമല്ലായിരുന്നു എന്ന് അവർ ജനങ്ങളെ തെര്യപ്പെടുത്തണം. എനി നമുക്ക് മേൽ പ്രസ്താവിച്ച വിഷയങ്ങളെ സംബന്ധിച്ച് തന്നെ ഒന്നുകൂടി കൂലങ്കശമായി പരിശോധിക്കാം. അവ ബുഖാരിയിലോ മുസ്‌ലിമിലോ ഉണ്ടോ? ഇല്ല. മറ്റു സ്വിഹാഹുകളിലുണ്ടോ? അതിലുമില്ല. ചില ഭാഗങ്ങൾ ഉണ്ടെങ്കിൽ തന്നെ അത് ളഈഫുമാകുന്നു. അവകളിൽ സ്വഹീഹാണെന്ന് പറഞ്ഞ യാതൊരു ഹദീസും സ്വിഹാഹിൽ എനിക്ക് കാണുവാൻ സാധിച്ചിട്ടില്ല. അവകളിൽ കാണിച്ച ളഈഫായ അഥവാ മൗളൂആയ രിവായത്തുകളിൽ മിക്കതും ദലാഇലുന്നുബൂവത്തി ലിഅബീനഈമിൽ അസ്ഫആനി, ഖസാഇസുന്നുബുവ്വത്തുൽ കുബ്റാ (സുയൂതി) കിതാബുബ്നുൽ അസാകിർ, കൻസുൽഉമ്മാൽ മുതലായ കിതാബുകളിലുള്ളതാണ്. ആ കിതാബുകളിൽ വളരെ കള്ള രിവായത്തുകളും ളഈഫുകളും സ്ഥലംപിടിച്ചിട്ടുണ്ട്." *(അൽമുർശിദ്. 1357 റബീഉൽഅവ്വൽ. 1938 മെയ്. പുസ്തകം: 4 ലക്കം: 1. പേജ്: 26, 27)* എത്ര വ്യക്തമാണ് വിഷയം. ഇനിയും കാര്യങ്ങൾ മനസ്സിലാക്കാതെ തട്ടിപ്പ് നടത്തുന്നവരുടെ സ്ഥിതി അതിദയനീയം തന്നെ!

പിന്നെ, വിമർശകർ ഉന്നയിക്കാറുള്ളത് അൽമനാർ മാസികയും നബിദിനാഘോഷത്തെ അംഗീകരിച്ചിട്ടുണ്ട് എന്നാണ്. അതിനവർ തെളിവാക്കാറുള്ളത് അൽമനാർ 'റബീഉൽഅവ്വൽ വിശേഷാൽപ്രതി' എന്ന പേരിൽ പുറത്തിറക്കിയ പതിപ്പാണ്. യഥാർത്ഥത്തിൽ അതും നേരത്തെ അൽമുർശിദിന്റേയും അൽഇർഷാദിന്റേയും കാര്യത്തിൽ കണ്ടതിനേക്കാൾ ദയനീയമായ തട്ടിപ്പുതന്നെയാണ്.

എന്നാൽ, ആ പറഞ്ഞതുപോലെ അൽമനാൽ മാസിക അക്കാലത്ത് റബീഉൽഅവ്വൽ മാസത്തിൽ സ്പെഷ്യൽ പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നത് ശരിയാണ്. പക്ഷെ അത് നബിദിനാഘോഷമെന്ന ബിദ്അത്തിനെ സ്ഥാപിക്കാനായിരുന്നില്ല. പ്രത്യുത ഖണ്ഡിക്കാൻ വേണ്ടിയായിരുന്നു. ഉദാഹരണമായി, ആരോപണ വിധേയമായ അൽമനാർ റബീഉൽഅവ്വൽ വിശേഷാൽപ്രതിയിലെ ഒരു ഭാഗം കാണുക:

**(അൽമനാർ റബീഉൽഅവ്വൽ വിശേഷാൽപ്രതി. 1381 റബീഉൽ അവ്വൽ 23. പേജ്: 202)**




> മൗലിദ് കഴിക്കൽ നബി (സ) യെ സ്നേഹിക്കലും പുണ്യകർമ്മവുമാകുമെങ്കിൽ ഖുർആൻതന്നെ അതു ആജ്ഞാപിക്കുമായിരുന്നു. നബി (സ) അതിനുപദേശിക്കുമായിരുന്നു. പരലോകത്ത്നിന്ന് ഗുണം കിട്ടുവാൻ ഈ ലോകത്തുവെച്ചു ചെയ്യേണ്ട സൽകർമ്മങ്ങൾ ഒന്നുംതന്നെ തിരുമേനി ഉപദേശിക്കാതെ ബാക്കിവെച്ചിട്ടില്ല. അതുപോലെതന്നെ വർജ്ജിക്കേണ്ട യാതൊന്നും തിരുമേനി വിരോധിക്കാതെയുമിരുന്നിട്ടില്ല. ഇതു സ്വഹീകാര്യമായ ഹദീസ്കൊണ്ടു വ്യക്തമാക്കിയിട്ടുള്ളതും, മുസ്ലിംകൾ ഐകകണ്ഠ്യേന സമ്മതിക്കുന്നതുമായ പരമാർത്ഥമാണ്. അപ്പോൾ പരലോകത്ത്നിന്ന് ഗുണം കിട്ടുവാൻ മൗലിദ് കഴിക്കൽ ഉപകരിക്കുമെങ്കിൽ തിരുമേനിയുടെ ഉപദേശത്തിൽ അതും ഉൾക്കൊള്ളേണ്ടതായിരുന്നു. എന്നാൽ മൗലിദിനെ കുറിച്ചുള്ള ഒരു സൂചനപോലും തിരുമേനിയുടെ ഉപദേശങ്ങളിൽ കാണുകയില്ല. ആ നിലയിൽ അതു പരലോകത്തിൽ ഗുണപ്പെടുമെന്നു വിശ്വസിക്കൽ അന്ധവിശ്വാസമാണ്.

‘റബീഉൽഅവ്വൽ’ എന്ന തലക്കെട്ടിൽ 1953 ൽ പുറത്തിറങ്ങിയ അൽമനാറിൽ കൊടുത്ത എഡിറ്റോറിയ ലിലെ ചില ഭാഗങ്ങൾ ശ്രദ്ധിക്കുക:

**(അൽമനാർ 1953. ഡിസംബർ 5. പു:5, ല: 15–16. പേജ്: 1,2)**




അൽമനാർ

ദ്ദേശം നാല്പതു്കൊല്ലംത്തോളമായി വടക്കെ ഇന്ത്യായിൽ കൈക്കൊണ്ട' കഴിഞ്ഞിട്ടു്. മൌലിദിനെ പററിയും നബിദിനാഘോഷത്തെ പററിയും ‘ബിദ്അത്താ’’ണെന്നും അല്ലെന്നും പല അഭിപ്രായക്കാരുണ്ടു്. അതിനെക്കുറിച്ചൊക്കെ ഒരവസാന തീരുമാനം ചെയ്യുവാൻ ഞങ്ങൾ ഇപ്പോൾ ഒരുങ്ങുന്നില്ല. എന്നാൽ ഓരോ അഭിപ്രായത്തെയും അവർ പറയുന്ന ന്യായങ്ങളെയും ചുരുക്കത്തിൽ വിവരിക്കാം. എന്നാൽ ഒരു കാര്യം തീർച്ചയാണ്. റസൂലിൻെറയോ സഹാബത്തിൻെറയോ കാലത്തു് എന്നുവേണ്ട, ഉത്തമ നൂററാണ്ടുകളെന്നു് നബി തിരുമേനി പുകഴ്ത്തി പറഞ്ഞ ആദ്യത്തെ മൂന്നു നൂററാണ്ടിൽപോലും മൌലിദ് കഴിക്കുക എന്നൊരു സമ്പ്രദായമേ ഉണ്ടായിട്ടില്ല. ആ സ്ഥിതിക്ക് മൌലിദ്കഴിക്കുകയോ, നബിദിനം ആഘോഷിക്കുകയോ ചെയ്യുകയെന്നതു് മതപരമായ കർമ്മങ്ങളാണെന്നു പറയുവാൻ നിവൃത്തിയില്ല. മതപരമായ ഒരു ‘‘സുന്നത്താ’’ണതെന്നു പറയണമെങ്കിൽ നബി തിരുമേനി പറയുകയോ ചെയ്തു കാണിക്കുകയോ അഥവാ ഖുലഫാ ഉർറാശിദുകൾ അങ്ങിനെ പ്രവർത്തിക്കുകയോ, ചെയ്യണം. അതിക്കാര്യത്തിലുണ്ടായിട്ടില്ലതന്നെ. ഈ മൌലിദ് കഴിക്കുന്ന സമ്പ്രദായം തുടങ്ങിയതു്തന്നെ ഹിജ്റ 6–ാം നൂററാണ്ടിൻെറ അവസാനത്തിലോ, 7–ാം നൂററാണ്ടിൻെറ ആരംഭത്തിലോ ഇർബലിലെ ഭരണാധികാരിയായിരുന്ന അബൂസഈദ്കൌക്കബൂരി എന്ന ആളാണ്. ഇദ്ദേഹം സുൽത്താൻ സലാഹുദ്ദീൻ എന്ന മഹാനാൽ ഇർബലിലെ ഭരണാധികാരിയായി നിയമിക്കപ്പെട്ടിട്ടുള്ള ആളുമാണ്. അദ്ദേഹം ലക്ഷക്കണക്കിനുള്ള സംഖ്യകൾ ഈ ആവശ്യാർത്ഥം ചെലവുചെയ്തിരുന്നു. ഹിജ്റ: മുതൽ 600 കൊല്ലംവരെ ഈ മൌലിദ് കഴിക്കൽ സമ്പ്രദായമുണ്ടായിരുന്നില്ലെന്നു ഇതിൽനിന്നു ഗ്രഹിക്കാം. തന്മൂലം അതൊരു മതപരമായ ചടങ്ങാകുവാനും നിവൃത്തിയില്ല. ഒരു മതപരമായ പുണ്യകർമ്മമാണ് മൌലിദെന്നു കരുതി ചെയ്യുകയാണെങ്കിൽ അതു ആക്ഷേപാർഹമായ ബിദ്അത്താണെന്നുള്ളതിൽ സംശയമില്ല. ദീനല്ലാത്ത ഒന്നിനെ ദീനാക്കുകയാണ് അതുകൊണ്ടു ചെയ്യുന്നതു. ദീനല്ലാത്ത ഒന്നിനെ ദീനായി ഗണിച്ചു പ്രവൃത്തിച്ചാൽ അതു തെററായ ബിദ്അത്താണെന്നുള്ളതു നിർവിവാദമാണ്. ദീനിയ്യായ ഒരു കർമ്മമാണെന്നു കരുതാതെ നബി തിരുമേ

ചുരുക്കത്തിൽ, നബിദിനാഘോഷം ഇസ്‌ലാമിന് പരിചയമില്ലാത്ത പുത്തനാചാരമാണെന്നും അതിന്റെ പേരിൽ നടക്കുന്ന മൗലീദുകളിൽ ശിർക്കും കുഫ്‌റും കള്ളക്കഥകളുമുണ്ടെന്നും തുറന്നുകാണിക്കുകയാണ് മുൻകാല മുജാഹിദ് നേതാക്കൾ ചെയ്തിരുന്നതെന്ന് ഇത്രയും ഉദ്ധരിച്ച അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെ തന്നെ വ്യക്തമായല്ലോ? എന്നാൽ, ഇത്തരം വരികൾ മറച്ചുവെച്ചുകൊണ്ടാണ് അതേ ലേഖനങ്ങളിൽ തന്നെ വന്ന ചില പരാമർശങ്ങൾ സന്ദർഭത്തിൽനിന്നടർത്തിയെടുത്തും ചിതലതെല്ലാം വക്രീകരിച്ചും തൽപരകക്ഷികൾ അവതരിപ്പിക്കാറുള്ളത്! അത് തികച്ചും അനീതി മാത്രമാണെന്ന് വായനക്കാർക്ക് ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുമല്ലോ?

യഥാർത്ഥത്തിൽ, അവർ ചെയ്തിരുന്നത് ഇത്തരം അനാചാരങ്ങളെ എല്ലാ അർത്ഥത്തിലും തുറന്നുകാട്ടുക തന്നെയായിരുന്നു. അതിനുവേണ്ടി ആ കാലത്ത് ‘നബിദിന സദസ്സ്’ എന്ന പേരിലായിരുന്നു ആളുകളെ സംഘടിപ്പിച്ചിരുന്നത് എന്നത് ശരിയാണ്. അതുപോലെതന്നെയാണ് ‘നബിദിന പതിപ്പു’കൾ പ്രസിദ്ധീകരിച്ചിരുന്നതും. കാരണം, പൊതുജന മനസ്സിൽ ആഴത്തൽ വേരോടുകയും അതാണ് മതം, അതിലപ്പുറം മറ്റൊന്നുമില്ല എന്ന് തെറ്റിദ്ധരിക്കുകയും ചെയ്ത ഇത്തരം അനാചാരങ്ങളെ ആ കാലത്ത് അങ്ങനെ മാത്രമേ നേരിടാൻ കഴിഞ്ഞിരുന്നുള്ളൂ എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിലപ്പുറം ഇന്ന് നടക്കുംപോലെ നബിദിന റാലി നടത്താനോ നേർച്ച കഴിക്കാനോ മൗലീദ് പാരായണം ചെയ്യാനോ അനുബന്ധമായ മറ്റു അനാചാരങ്ങൾക്കോ അവരാരും നേതൃത്വം കൊടുത്തിട്ടില്ല. അതിനുവേണ്ടി ആയത്തുകളും ഹദീസുകളും ദുർവ്യാഖ്യാനിച്ചിട്ടുമില്ല.

ഇതെല്ലാം പറയുമ്പോഴും നാം നേരത്തെ ഫറഞ്ഞ കാര്യങ്ങൾ വിസ്മരിക്കരുത്. അഥവാ, അവരുടെ വാക്കുകളിലും വരികളിലും തെറ്റായ പലതും ഉണ്ടാകാൻ സാധ്യതയുണ്ട്. അല്ല; ഉണ്ട്. പക്ഷെ അതെല്ലാം, അവരുടെ മുൻകാല സാഹചര്യങ്ങളും പശ്ചാത്തലവും പരിഗണിച്ച് മാത്രം വിലയിരുത്തേണ്ടവയാണ്.

ഇനി പറയൂ! നബിദിനദാഘോഷം അനാചാരമാണെന്ന് ഇത്ര വ്യക്തമായും കൃത്യമായും സമർത്ഥിച്ച മുൻകാല മുജാഹിദ് പണ്ഡിതന്മാരെക്കുറിച്ചും പ്രസിദ്ധീകരണങ്ങളെക്കുറിച്ചുമാണോ അവർ ഈ അനാചാരത്തിന്റെ വക്താക്കളായിരുന്നെന്ന് ആരോപിക്കുന്നത്? പരലോകത്തെ മറന്നുപോകരുതെന്ന് മാത്രമേ അത്തരമാളുകളോട് വീണ്ടും നമുക്ക് പറയാനുള്ളൂ!